**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല — കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3658/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 14.11.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.05.2016-ലെ ഇ 7(എസ് സി 79/2015/ഇകെഎം) 33150/15 നമ്പർ കത്ത്

2. സർക്കാരിന്റെ 24.01.2017-ലെ 170/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. കെ.എസ്. പ്രകാശൻ സമർപ്പിച്ച 02.05.2017 തീയതിയിലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 25.09.2017-ലെ ഡി2-5848/2017 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങി സർക്കാർ ഫണ്ട്, സെക്രട്ടറിയും പ്രസിഡന്റുമടക്കം 11 മെമ്പർമാരും കൂടി ദുരുപയോഗം ചെയ്തു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി ആവശ്യത്തിനായി തെരച്ചിൽ സമിതി ശുപാർശ ചെയ്യാത്ത 68 ½ സെന്റ് സ്ഥലം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 19,75,751/- രൂപയ്ക്ക് വാങ്ങിയത് ഉദ്ദേശ ലക്ഷ്യം സാധിക്കുന്നതിന് അപര്യാപ്തമാണെന്നും അതിനാൽ നാളിതുവരെ ടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും ഇതിന് കാരണക്കാർ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയും തെരച്ചിൽ സമിതിയുടെ അദ്ധ്യക്ഷയായ അന്നത്തെ ഗ്രാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഫാത്തിമ ഷംസുദീനുമാണെന്നും എന്നാൽ ടി ഇടപാടിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് വീടുവയ്ക്കാൻ സാധ്യമല്ലാത്ത, തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്ന സ്ഥലം വാങ്ങി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം സാധിക്കുന്നതിന് വീഴ്ച വരുത്തിയ കരുമാല്ലൂർ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശന് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി

ആരംഭിക്കുകയുണ്ടായി. ടി കുറ്റപത്രത്തിന് ശ്രീ. കെ.എസ്. പ്രകാശൻ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ ടിയാൻ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. എന്നാൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ എല്ലാംതന്നെ നിലനിൽക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയതിനാലും കുറ്റാരോപണങ്ങളെല്ലാം ടിയാൻ നിഷേധിച്ചതിനാലും ശ്രീ. കെ.എസ്. പ്രകാശനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കരുമാലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
2. ശ്രീ. കെ.എസ്. പ്രകാശൻ, സെക്രട്ടറി, കരുമാലൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്, കരുമാലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/170/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ